# <u>പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ നടപടി ഉത്തരവ്</u>

(സാന്നിധ്യം. സ്നേഹിൽ കുമാർ സിംഗ് ഐ.എ.എസ്)

വിഷയം:- പൊതുവിദ്യാഭ്യാസം - ജീവനക്കാര്യം - തമിഴ് ഭാഷാ ന്യൂനപക്ഷ മേഖലയിലെ സ്കൂളുകൾ/ഉപജില്ല വിദ്യാഭ്യാസ ഓഫീസുകൾ - പ്രധാന അധ്യാപക/ഉപജില്ല വിദ്യാഭ്യാസ ഓഫീസർ തസ്തികയിലേക്കുള്ള (ഔട്ട് ഓഫ് ടേൺ) സ്ഥാനക്കയറ്റം നൽകി ഉത്തരവാകുന്നു.

പരാമർശം:- 1. ഈ കാര്യാലയത്തിൽ നിന്നുള്ള 20/08/2026 തീയതിയിലെ ഉത്തരവ് നം. DGE/8323/2026-D4

2. ഇടുക്കി വിദ്യാഭ്യാസ ഉപഡയറക്ടറുടെ കാര്യാലയത്തിൽ നിന്നുള്ള 28.07.2026 -ലെ DDEIDK/1098/2026-B2 നമ്പർ കത്ത്

3. ധനകാര്യ വകുപ്പിൽ നിന്നുള്ള 10.02.2021 തീയതിയിലെ ഉത്തരവ് നം. സ.ഉ.(പി) 27/2021/ധന.

4 . ബഹു. സുപ്രീം കോടതിയിൽ നിന്നുള്ള സിവിൽ അപ്പീൽ നം. 1385/2025 നമ്പർ കേസിലുള്ള 01.09.2025-ലേയും, റിവ്യൂ പെറ്റീഷൻ (സിവിൽ) ഡയറി നം. 53434/2025 നമ്പർ കേസിലുള്ള 29.05.2026-ലേയും വിധിന്യായങ്ങൾ

5. പൊതു വിദ്യാഭ്യാസ (ജെ.ആർ) വകുപ്പിന്റെ 15.03.2026 ലെ സ.ഉ.(കൈ) നം. 80/2026/GEDN

## <u>ഉത്തരവ് നമ്പർ ഡി.ജി.ഇ/8323/2026-ഡി4, തീയതി : 02-09-2026</u>

തമിഴ് ഭാഷാ ന്യൂനപക്ഷ മേഖലകളിലെ പൊതുവിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള ഹൈസ്കൂൾ/ഉപജില്ലാ വിദ്യാഭ്യാസ ഓഫീസുകളിലെ പ്രധാനാധ്യാപക/ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ തസ്തികയിലെ (ഔട്ട് ഓഫ് ടേൺ) സ്ഥാനക്കയറ്റം വഴിയുള്ള നിയമനത്തിന് അർഹരായ (ഹൈസ്കൂൾ) അധ്യാപകരുടെ സീനിയോറിറ്റി പട്ടിക പരാമർശം (1) പ്രകാരം പ്രസിദ്ധീകരിച്ചിട്ടുള്ളതാണ്.

2) മേൽ വിഷയത്തിൽ, തമിഴ് ഭാഷാ ന്യൂനപക്ഷ മേഖലകളിലെ പ്രധാനാധ്യാപക/ഉപജില്ല വിദ്യാഭ്യാസ ഓഫിസർ തസ്കികയിൽ, പരാമർശം (2) അനുസരിച്ച് റിപ്പോർട്ട് ചെയ്തിട്ടുള്ള ഒഴിവിലേക്ക്, പരാമർശം (3) പ്രകാരമുള്ള ₹ 55200 - 115300 എന്ന ശമ്പള സ്കെയിലിൽ, പരാമർശം (4), (5) പ്രകാരമുള്ള ഉത്തരവുകളിലെ വ്യവസ്ഥകൾക്ക് വിധേയമായി,

ച്ചവടെ ചേർക്കും പ്രകാരമുള്ള അദ്ധ്യാപികക്ക് (കെ.എസ്. & എസ്.എസ്.ആർ, റൂൾ 9 (ഡി) പ്രകാരം) ഉടൻ പ്രാബല്യത്തിൽ താൽക്കാലിക സ്ഥാനക്കയറ്റം നൽകി നിയമിച്ച് കൊണ്ട് ഇതിനാൽ ഉത്തരവാകുന്നു.

| ക്രമ. നം.. | സ്ഥാനക്കയറ്റം അനുവദിക്കുന്ന അദ്ധ്യാപികയുടെ പേര് | ജനന തീയതി | സീനിയോരിറ്റി പട്ടിക (01.05.2026) പ്രകാരമുള്ള റാങ്ക് നമ്പർ | സ്ഥാനക്കയറ്റം നൽകി നിയമിക്കുന്ന സ്കൂളിന്റെ പേര് |
|---|---|---|---|---|
| 1. | പർവീൺ സുൽത്താന.എം<br>പെൻ. 618163<br>ബി.ജി.എച്ച്.എസ്.എസ്.<br>വണ്ണാമട, പാലക്കാട് | 19.12.1980 | 9 | ജി.എച്ച്.എസ്.<br>ഉടുമ്പൻചോല,<br>ഇടുക്കി ജില്ല |

3) മേൽപ്പറഞ്ഞ പ്രകാരം സ്ഥാനക്കയറ്റം ലഭിച്ച പ്രധാന അധ്യാപികയെ ഒരു പ്രൊബേഷണറായി പരിഗണിക്കുകയോ, പ്രധാന അധ്യാപകരുടെ ജനറൽ സീനിയോരിറ്റി പട്ടികയിൽ ഉൾപ്പെട്ട് റഗുലർ സ്ഥാനക്കയറ്റം ലഭിക്കുന്നതുവരെ, സ്ഥാനക്കയറ്റത്തിനുള്ള മുൻഗണന അവകാശം അനുവദിക്കുകയോ ചെയ്യുന്നതല്ല. സ്ഥാനക്കയറ്റം ലഭിച്ച അധ്യാപിക, ചട്ടപ്രകാരം പുതിയ ലാവണത്തിൽ ചുമതല ഏറ്റെടുത്ത ശേഷം ടി വിവരം പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയത്തിൽ രേഖാമൂലം അറിയിക്കേണ്ടതാണ്. കൂടാതെ, ടി അധ്യാപികക്ക് നിർദിഷ്ട യോഗ്യതകളുണ്ട് എന്ന് വിദ്യാഭ്യാസ ഉപഡയറക്ടർ ഉറപ്പവരുത്തേണ്ടതും, അല്ലാത്തപക്ഷം ടി വിവരം രേഖാമൂലം പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയത്തിൽ സമയബന്ധിതമായി അറിയിക്കേണ്ടതുമാണ്. ക്രമവിരുദ്ധമായി സ്ഥാനക്കയറ്റം/നിയമനം ലഭിച്ചതായി കണ്ടെത്തുന്ന സാഹചര്യത്തിൽ, മേൽ ഉത്തരവ് പുന:പരിശോധിക്കുന്നതും, ആവശ്യമായ ഭേദഗതികൾ വരുത്തുന്നതുമാണ്.

4) മേൽ പ്രകാരം സ്ഥാനക്കയറ്റം ലഭിച്ച അധ്യാപിക, പരാമർശം (4,5) പ്രകാരമുള്ള ബഹു. സുപ്രീംകോടതി ഉത്തരവിന്റെ പ്രബല്യത്തീയതിയായ 01.09.2025 മുതൽ 3 വർഷത്തിനകം നിർദ്ദിഷ്ട ടെറ്റ് യോഗ്യത നേടാതെ സർവീസിൽ നിന്നും വിടുതൽ ചെയ്യുകയോ, സർവീസിൽ തുടരുകയോ ചെയ്യുന്നതായി കണ്ടെത്തുന്ന സാഹചര്യത്തിൽ, സ്ഥാനക്കയറ്റം നൽകിക്കൊണ്ടുള്ള മേൽ ഉത്തരവ് പുന:പരിശോധിക്കുന്നതും, ആവശ്യമെങ്കിൽ മുൻകാല പ്രാബല്യത്തോടെ റദ്ദ് ചെയ്യുന്നത് ഉൾപ്പടെയുള്ള തുടർ നടപടികൾ സ്വീകരിക്കുന്നതും, സ്ഥാനക്കയറ്റം ലഭിച്ച കാലയളവിൽ കൈപ്പറ്റുന്ന ആനുകൂല്യങ്ങൾ, ഈ ഉത്തരവിന്റെ പ്രാബല്യത്തീയതി മുതൽ, മുൻകാല പ്രാബല്യത്തോടെ തിരികെ ഈടാക്കുന്നതുമാണ്.

5) മേൽ വിഷയത്തിൽ, പരാമർശം (4,5) പ്രകാരമുള്ള ഉത്തരവുകളുടെ അടിസ്ഥാനത്തിൽ, പ്രസ്തുത യോഗ്യത നിർദ്ദിഷ്ട സമയ പരിധിക്കുള്ളിൽ നേടാൻ കഴിയാത്ത സാഹചര്യത്തിൽ, മേൽ പറഞ്ഞ അദ്ധ്യാപികയെ എച്ച്.എസ്.റ്റി. തസ്തികയിലേക്ക് റിവർട്ട് ചെയ്യുന്നതിനുള്ള ശിപാർശ (ആയതിൽ ഹിയറിംഗ് ഉൾപ്പടെയുള്ള പ്രാരംഭ നടപടികൾ പൂർത്തിയാക്കി) പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയത്തിൽ സമയബന്ധിതമായി സമർപ്പിക്കുന്നതിനും, ടി സ്ഥാനക്കയറ്റം ലഭിച്ച അദ്ധ്യാപികയുടെ സേവന പുസ്തകത്തിൽ പ്രസ്തുത വ്യവസ്ഥകൾ സംബന്ധിച്ച് ആവശ്യമായ രേഖപ്പെടുത്തലുകൾ വരുത്തുന്നതിനും, സ്ഥലം മാറി പോകുന്ന അവസരത്തിൽ, മേൽ വ്യവസ്ഥകൾ സ്ഥലം മാറ്റം നൽകിയ ജില്ലയിലെ വിദ്യാഭ്യാസ ഉപഡയറക്ടറുടെ ശ്രദ്ധയിൽപ്പെടുത്തുന്നതിനും, ബന്ധപ്പെട്ട ജില്ലകളിലെ വിദ്യാഭ്യാസ ഉപഡയറക്ടർമാരെ ചുമതലപ്പെടുത്തുന്നു.

Digitally signed by
SNEHIL KUMAR SINGH
Date: 02-09-2026
13:14:21

**പൊതുവിദ്യാഭ്യാസ ഡയറക്ടർ**

സ്വീകർത്താവ് :

ശ്രീമതി. പർവീൺ സുൽത്താന.എം, എച്ച്.എസ്.റ്റി,
ബി.ജി.എച്ച്.എസ്.എസ്.വണ്ണാമട, പാലക്കാട്

പകർപ്പ് :-

1. വിദ്യാഭ്യാസ ഉപഡയറക്ടർ, പാലക്കാട്
2. കൈറ്റ് , തിരുവനന്തപുരം
3. പ്രധാനാധ്യാപകൻ, ബി.ജി.എച്ച്.എസ്.എസ്.വണ്ണാമട, പാലക്കാട്
4. അക്കൗണ്ടന്റ് ജനറൽ (എ&ഇ) , തിരുവനന്തപുരം
5. കരുതൽ ഫയൽ